# IX. ക്രമപ്രശ്നം

## ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീമതി ശോഭനാ ജോർജ്ജ് : സർ, പത്താം കേരള നിയമസഭയിൽ 17-9-96-ൽ ആഭ്യന്തര വകുപ്പിന്റെ ചാർജ്ജുകൂടിയുള്ള മുഖ്യമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചിരുന്നു. നക്ഷത്രചിഹ്നം ഇടാത്ത ചോദ്യമായിരുന്നു. ചോദ്യം നമ്പർ 2272. ആ ചോദ്യം വനിതാസെല്ലിന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷമുള്ള സ്ത്രീപീഡന കേസ്സുകളെ സംബന്ധിച്ചിട്ടുള്ളതായിരുന്നു. ചോദ്യങ്ങൾ (എ) പോലീസ് ഹെഡ്ക്വാർട്ടേഴ്സ് വനിതാസെൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം സ്ത്രീപീഡന കേസ്സുകൾ ഉണ്ടായിട്ടുണ്ടോ? എങ്കിൽ ഏതെല്ലാം കേസ്സുകൾ? (ബി) ഈ കേസുകൾക്ക് ഉത്തരവാദികളായവരെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ? (സി) ഈ സംഭവത്തിന് ഇരയായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ? അല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ എന്നിങ്ങനെയാണ് വളരെ പ്രധാനപ്പെട്ട ഈ ചോദ്യങ്ങൾ നിയമസഭയിൽ രണ്ട് മാസത്തിനുമുമ്പ് ചോദിച്ചിട്ട് ഇന്നലെ 11.11.96-ൽ മാത്രമാണ് ഉത്തരം നിയമസഭാ ലൈബ്രറിയിൽ വന്നത്. അങ്ങനെ ലൈബ്രറിയിൽ വന്നത് തന്നെ എ.ബി.സി. ഇവയുടെ വിവരം ശേഖരിച്ചുവരുന്നു എന്നാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ഞാൻ നിയമസഭയിൽ ഉന്നയിച്ചത്. രണ്ട് മാസം കഴിഞ്ഞ് നിയമസഭ തന്ന മറുപടിയിൽ വിവരം ശേഖരിച്ചുവരുന്നു എന്നു മാത്രം പറയുന്നത് തീർച്ചയായിട്ടും ഗവൺമെന്റിന്റെ തെറ്റ് മൂടി വയ്ക്കാനുള്ള ഒരു കാര്യമായാണ് ഞാൻ കാണുന്നത്. സ്ത്രീപീഡനത്തിനെതിരെയുള്ള കേസ്സുകളുടെ എണ്ണം നിയമസഭയ്ക്കകത്ത് രേഖപ്പെടുത്താത്തവിധത്തിൽ വർദ്ധിച്ചതാണെങ്കിൽ അത് ഉന്നയിക്കാനുള്ള അവകാശം നിഷേധിക്കുക മാത്രമല്ല അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാതെ പോകുകയും ചെയ്യുന്നുയെന്നുള്ള ദു:ഖംകൂടി അങ്ങയെ അറിയിക്കുകയാണ്.

# X. റൂളിംഗ്

മി. സ്പീക്കർ : നമ്മുടെ നിയമസഭയുടെ നടപടിക്രമങ്ങൾ അനുസരിച്ച് ഇത് വലിയ ഒരു കാലതാമസമായിട്ട് ചെയർ കാണുന്നില്ല. അഞ്ച് വർഷക്കാലമായി വിവരം ശേഖരിച്ചുവരുന്ന കാര്യം ഇപ്പോഴും നമ്മുടെ ഫയലിലുണ്ട്. നമ്മൾ ഗൗരവമായിട്ട് ഈ പ്രശ്നങ്ങൾ കാണുകയാണ്. ശിൽപശാലയിൽ പറഞ്ഞ് വിവരം ശേഖരിച്ച് വരുന്നുയെന്ന് അനന്തമായി പറഞ്ഞു പോകാൻ ആകില്ല എന്ന് എല്ലാ കാര്യങ്ങൾക്കും ഉടനെ വിവരം കിട്ടിയെന്ന് വരുകയില്ല. ചിലപ്പോൾ ഒരു മാസം ആകാം. ചിലപ്പോൾ രണ്ട് മാസമാകാം. ചിലപ്പോൾ മൂന്ന് മാസമാകാം. ഏറിയാൽ മൂന്ന് മാസത്തിനുള്ളിൽ തന്നെ വിവരം നൽകുന്ന ഒരു നടപടി ഉണ്ടാകുന്നതായിരിക്കും ഭംഗി എന്നാണ് ചെയറിന് പറയാനുള്ളത്, തീർച്ചയായും ആ പ്രശ്നം ഉന്നയിച്ചത് നന്നായി എന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഒരു കാര്യംകൂടി പറയട്ടെ, ചോദ്യത്തിന്റെ എണ്ണത്തിൽ ഒരു മന്ത്രിക്ക് ഒരു ദിവസം നൂറ് നൂറ്റിയൻപത് ചോദ്യമായാൽ എല്ലാത്തിനുംകൂടി ആൻസർ പറയാൻ ടൈം കാണുകയില്ല. ഇതിനെ സംബന്ധിച്ച് ഒരു പരിശോധന നടത്തണം.

ശ്രീ. കെ.എം മാണി. : സർ, വിവരങ്ങൾ ശേഖരിച്ചുവരുന്നു എന്ന മറു പടിപോലും ഞാൻ ചോദിച്ച ചോദ്യത്തിന് കിട്ടിയിട്ടില്ല. വിവരം ശേഖരിച്ച് വരുന്നു എന്ന ഒരു ഉത്തരം കിട്ടിയാലും മതിയായിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര വീടുകൾവെച്ചു എന്ന ചോദ്യത്തിന് മറുപടി തരാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ : ശ്രീ. കെ.എം. മാണി പറഞ്ഞത് ശരിയാണ്.

ശ്രീ. പി.പി. തങ്കച്ചൻ : സർ, ശ്രീമതി ശോഭനാ ജോർജ്ജ് പറഞ്ഞതിൽ കാര്യമുണ്ട്. വിവരം ശേഖരിക്കുന്നു എന്നുപറയുന്നതിന് രണ്ട് മാസം എന്തി നാണ്.

മി. സ്പീക്കർ : അത് ശരിയാണ് വിവരം ശേഖരിക്കുന്നു എന്നു പറയു ന്നതിന് രണ്ടുമാസം വേണ്ട അടുത്ത ദിവസം തന്നെ പറയാം.

ശ്രീ. എ.കെ ആന്റണി : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ സഭയിൽ നിരവധി തവണ വിവാദപരമായ പ്രശ്നമാണ് ഇത്. അന്നത്തെ സ്പീക്കർമാർ മന്ത്രിമാരോട് പറഞ്ഞു നിങ്ങൾക്ക് ആ ദിവസം മറുപടി പറ യാൻ സാദ്ധ്യമല്ലെങ്കിൽ കഴിയുന്നത്രവേഗം ചോദ്യങ്ങൾക്ക് ഉത്തരം നൽകണ മെന്ന്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓരോ ദിവസവും ആഴ്ചയിൽ ഒരിക്കലെങ്കിലും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉത്തരങ്ങൾ സമയത്ത് ലഭിക്കുന്നില്ല എന്ന പരാതി വന്നുകൊണ്ടിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചു മാസമായിട്ട് പ്രധാനപ്പെട്ട പല ചോദ്യങ്ങൾക്കു ഉത്തരം നൽകിയിട്ടില്ല. ഉത്തരം നൽകുന്നതാണെങ്കിൽ വിവരം ശേഖരിച്ചുവരുന്നു എന്നാണ്. സ്ത്രീപീഡനം പോലുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ഇതുവരെ കൃത്യമായി ഒരു കണക്ക് പറയാൻ സാധിച്ചിട്ടില്ല. മിക്കവാറും പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഗൗര വമായി തന്നെ കാണണം. എന്നാൽ വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് ഗവൺമെന്റ ഇതിനെ കൈകാര്യം ചെയ്യുന്നത്. ചില ചോദ്യങ്ങൾക്ക് ഉത്തരം നീട്ടികൊണ്ടുപോകുന്നത് മന:പൂർവ്വമാണ്, വിവരങ്ങൾ പുറത്ത് വരാതിരിക്കു ന്നതിനുവേണ്ടിയാണ് ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നത്. അങ് ഗൗരവമായി കാണണം. കഴിഞ്ഞ കാലങ്ങളിലെ സ്പീക്കർമാർ കർക്കശമായിട്ട് ആജ്ഞാപി ക്കുന്ന രീതിയിൽ പറഞ്ഞിട്ടുണ്ട്. അങ്ങും ദയവുചെയ്ത് മുൻഗാമികളുടെ പാരമ്പര്യം പിൻതുടർന്നുകൊണ്ട് ഗവൺമെന്റിന്റെ ഈ അലസതയ്ക്ക് ഒരു വിരാമമിടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മിനിസ്റ്ററുടെ പല മറുപടിക്കും 365-ാം നമ്പർ ഫയൽ കാണാനില്ല. അതിന് ആരാണ് ഉത്തര വാദി. നിങ്ങൾ ഒപ്പിട്ട് 365-ാം നമ്പർ ഫയൽ കാണാനില്ല. മറുപടി പറയണം ആരാണ് ഇതിന് ഉത്തരവാദി. ശ്രീ. കെ.എം. മാണി മന്ത്രി ആയിരുന്നില്ലേ. എവിടെയാണ് നിങ്ങൾ ഒപ്പിട്ട ഫയലുകൾ. ശ്രീ. ആന്റണി ഒപ്പിട്ട ഫയൽ എവിടെ?

ശ്രീ. കെ.എം. മാണി. : സർ, കാണാതായ ഫയലിലാണോ അത്. സ്ത്രീപീഡനത്തെപ്പറ്റി ഈ ഗവൺമെന്റിന് വിവരമില്ലെങ്കിൽ അതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അന്വേഷിക്കുന്നില്ല എന്നർത്ഥം. നാട്ടിൽ നടക്കുന്ന സ്ത്രീപീഡനത്തെപ്പറ്റി ഗവൺമെന്റ് അന്വേഷിക്കുന്നില്ല. അല്ലെങ്കിൽ ഈ സ്ത്രീപീഡനത്തെപ്പറ്റി ഈ ഗവൺമെന്റിന് വിവരമില്ല. ഇത് രണ്ടായാലും നാണക്കേടാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : നിങ്ങളുടെ കാലത്ത് നാണക്കേടുതന്നെയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഏതെങ്കിലും ചില ചോദ്യങ്ങൾക്ക് ഉത്തരം ശേഖരിച്ചുവരുന്നു എന്നുള്ളതുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ ചോദ്യങ്ങൾക്കും എടുക്കുന്ന സമീപനം ഇങ്ങനെയാണെന്നുള്ള തെറ്റിദ്ധാരണ ശരിയല്ല. പത്താം കേരള നിയമസഭയിൽ റവന്യൂവകുപ്പിനോട് ചോദിച്ച ഏതെങ്കിലും ചോദ്യത്തിന് ഉത്തരം ശേഖരിച്ചുവരുന്നു എന്ന് പറഞ്ഞിട്ടുണ്ടോ? മുഴുവൻ ചോദ്യത്തിനും യഥാവിധി ഉത്തരങ്ങൾ നൽകിയിട്ടുണ്ട്. അപൂർവ്വം ചില പ്രശ്നങ്ങളിൽ ചോദ്യത്തിന് ഉത്തരം ശേഖരിക്കാൻ കഴിയാതെ വന്നാൽ ഈ പ്രശ്നങ്ങൾക്ക് രണ്ടോ, മൂന്നോ മാസം സമയമെടുത്തുകൊണ്ട് ആണെങ്കിലും കൊടുക്കാൻ കഴിയും. അതുകൊണ്ട് ഇങ്ങനെ ഒരു പുകമറ സൃഷ്ടിക്കുന്ന നടപടി ശരിയല്ല.

ശ്രീ. കെ.എം മാണി : സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത് ശരിയല്ല. ഞാൻ അങ്ങയോട് പറയുന്നു എനിക്ക് പ്രൊട്ടക്ഷൻ വേണം. കേരളാ ഗവൺമെന്റ് ഇറക്കിയ പി.ആർ.ഡി.യുടെ 100 ദിനങ്ങൾ എന്ന പാംലെറ്റിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ചുവർഷക്കാലം പതിനായിരം വീടുപോലും വച്ചില്ല എന്ന് അച്ചടിച്ചിരിക്കുന്നു. ഞാൻ ഒരു കാര്യം ചോദിക്കട്ടെ പത്താം കേരളനിയമസഭയുടെ ആദ്യസമ്മേളനത്തിൽ കൊടുത്ത ചോദ്യം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണക്കാലത്ത് എത്ര വീടുവെച്ചു? അതിന് ഒരു ഉത്തരം തരണ്ടേ സാർ. വിവരം ശേഖരിക്കുന്നു എന്നു പറയാൻപോലും കഴിഞ്ഞില്ല. ഈ നിലയിൽ എസ്കേപ്പ് ചെയ്യുന്നത് ശരിയല്ല. അങ്ങ് എങ്കിലും മെമ്പർമാർ കൊടുക്കുന്ന ചോദ്യത്തിന് സമയത്ത് ഉത്തരം നൽകാൻ ഗവൺമെന്റിനോട് പറയണം. റവന്യൂ വകുപ്പുമന്ത്രി പറഞ്ഞതുപോലെയല്ല സംഗതി. ഉത്തരം പറയാൻ പ്രയാസമില്ലാത്ത വളരെ പ്രധാനപ്പെട്ട ചോദ്യങ്ങൾ ആവരുടെ സൗകര്യത്തിനുവേണ്ടി വേണ്ടെന്നുവച്ച് ഒഴിഞ്ഞുമാറുകയാണ്. ഇതാണ് ഇന്ന് വന്നിരിക്കുന്ന കുഴപ്പം.

ശ്രീ. ടി.എം ജേക്കബ് : സർ, ഇന്നലെ അങ്ങ് ഈ സഭയിൽ ഒരു റൂളിംഗ് നൽകി. ഞാൻ ഇന്ന് ചോദിച്ച ചോദ്യത്തിന് എനിക്ക് നൽകിയിരിക്കുന്ന വെള്ള കാർഡാണ് ഇത്. ഇതിനകത്ത് എന്റെ ക്വസ്റ്റ്യൻ വന്നിട്ടില്ല. അതിൽ കാബിനറ്റിന്റെ തീരുമാനത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇതാണ് കാരണം പറഞ്ഞിരിക്കുന്നത്. ഞാൻ അങ്ങയുടെ ചേമ്പറിൽ വരുന്നുണ്ട്.

മി. സ്പീക്കർ : എന്നോട് പറഞ്ഞിരുന്നതാണല്ലോ.

ശ്രീ. ടി.എം. ജേക്കബ് : അല്ല ഇന്നലത്തെ വിഷയമല്ല. ഇത് പുതിയ വിഷയമാണ്.

മി. സ്പീക്കർ : അത് എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ മതി.

ശ്രീ. ടി.എം. ജേക്കബ് : സർ, കാബിനറ്റിൽ പരിഗണനയ്ക്കുവരുന്ന കാര്യങ്ങൾ വെളിപ്പെടുത്താൻ പാടില്ലാത്തതാണ്. എന്നാൽ ആവശ്യം വരുന്ന സന്ദർഭങ്ങളിൽ വെളിപ്പെടുത്താവുന്നതാണെന്ന് സത്യവാചകം ചൊല്ലിയിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർ ആകുന്നത്. ഈ സഭയ്ക്കു ഞാൻ ചോദിച്ചിരിക്കുന്ന ചോദ്യം ഞാൻ തന്നെ എഴുതിയതാണ്.

മി. സ്പീക്കർ : അത് നമുക്ക് പരിശോധിച്ച് ചെയ്യാമല്ലോ.

ശ്രീ. ടി.എം. ജേക്കബ് : ഗവൺമെന്റിന് ചില അസ്വസ്ഥതകൾ ഉണ്ടാക്കുന്ന ചോദ്യങ്ങൾ വരും. ക്വസ്റ്റ്യൻ അവറിന്റെ പ്രധാനപ്പെട്ട ഉദ്ദേശമെന്താണ്? ഇൻഫർമേഷൻസ് എം.എൽ.എ.മാർക്ക് കിട്ടുക, അത് ഗാതർചെയ്യുക, അത് രാജ്യത്തെ ജനങ്ങൾ അറിയുക, അതിനാണല്ലോ ക്വസ്റ്റ്യൻ അവർ. അതിനകത്ത് ടെക്നിക്കലായിട്ട് മന്ത്രിമാർ ഓരോ കാര്യങ്ങൾ പറഞ്ഞ് വിവരം തരാതെ ഒഴിഞ്ഞുമാറുന്നുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കഴിഞ്ഞ പ്രാവശ്യത്തെ പത്തിരുപത് ചോദ്യത്തിന് ഇന്നലെയാണ് എനിക്ക് തപാലിൽ മറുപടി വന്നത്. സഭയ്ക്കകത്ത് വന്നാൽ അംഗങ്ങളുടെ ചോദ്യത്തിന് മറുപടി പറയണം. ഇങ്ങനെയൊരവസ്ഥയിലേക്ക് പോകുന്നത് ശരിയല്ല.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : താരതമ്യേന വിവരം ശേഖരിച്ചുവരുന്നുവെന്നുള്ളതും അതുപോലെതന്നെ മറുപടി കിട്ടുന്നില്ല എന്നുള്ളതും പൂർണ്ണമായും ശരിയല്ലായെന്നുള്ളത് അങ്ങു തന്നെ കഴിഞ്ഞ നിയമസഭയിൽ വിലയിരുത്തി. ഞാൻ അത് ഓർക്കുന്നുണ്ട്. അങ്ങ് ക്ഷമിക്കണം, വളരെ കൂടുതൽ വിവരം ശേഖരിക്കാനുള്ളതുകൊണ്ട് താമസം വരും എന്ന് ഞാൻ അങ്ങേയ്ക്കു എഴുതിയിട്ടുണ്ട്. മന:പൂർവമായി ആരും താമസിപ്പിക്കാൻ ശ്രമിക്കുകയില്ല. അംഗങ്ങൾക്കുള്ള അവകാശം ഗവൺമെന്റിനു സാദ്ധ്യത ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് തന്നെയാണ് ചെയ്യുന്നത്. പക്ഷേ ഇവിടെ വന്ന ചർച്ച എന്താണെന്ന് അറിയാമോ? ഇവിടെ ഒരു ചോദ്യത്തിനും മറുപടി കിട്ടുന്നില്ല, മന:പൂർവ്വം ഒഴിഞ്ഞു മാറുന്നു, ഒരുപാട് ചോദ്യത്തിന് മറുപടി കിട്ടാനുണ്ട് എന്നുള്ള പ്രചരണം ശരിയല്ല. എത്ര ക്വസ്റ്റ്യനാണ് മറുപടി കിട്ടാനുള്ളതെന്നും എത്ര ക്വസ്റ്റ്യനാണ് വിവരം ശേഖരിച്ചുവരുന്നതെന്നും ഒന്ന് പരിശോധിച്ചിട്ട് അങ്ങ് പറഞ്ഞാൽ തരക്കേടില്ല.

ശ്രീ. എ.കെ. ആന്റണി : ഈ പ്രശ്നം ഈ സഭയിൽ ആദ്യമായിട്ട് ഉന്നയിക്കുന്ന ഒരു കാര്യമല്ല. എന്റെ ഓർമ്മയിൽ കേരള നിയമസഭയിൽ സ്ഥിരമായി പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുള്ള ഒരു പരാതിയാണ്. എന്റെ അനുഭവം വച്ച് ഞാൻ പറയുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആഴ്ചയിൽ ഒരിക്കലെങ്കിലും ഈ പ്രശ്നത്തിന്റെ പേരിൽ സഭയിൽ സംഘർഷം വരെ ഉണ്ടാക്കുവാൻ അന്നത്തെ പ്രതിപക്ഷം തയാറായി. ഈ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് സ്ത്രീപീഡനം. അതേക്കുറിച്ച് ചോദ്യം ചോദിച്ചിട്ട് മറുപടി പറയുന്നില്ല, ഒഴിഞ്ഞു മാറുന്നു എന്നു പറയുമ്പോൾ, ചോദിച്ച ചോദ്യത്തിന് പകരം മുഖ്യമന്ത്രി ഫയൽ കാണാതെ പോയതിനെക്കുറിച്ച് പറഞ്ഞു. ഈ സമീപനം ശരിയാണോ? അന്ന് ഇത്തരം പരാതികൾ പ്രതിപക്ഷം ഉന്നയിക്കുമ്പോൾ ഞങ്ങളുടെ ഭാഗത്തുനിന്നു പറഞ്ഞിട്ടുള്ളത്, ഞങ്ങൾക്ക് വീഴ്ച വന്നിട്ടുണ്ടെങ്കിൽ തിരുത്താം, മേലിൽ കൃത്യമായിട്ട് ഉത്തരം കൊടുക്കാൻ ശ്രമിക്കാം, അൺസ്റ്റാർഡ് ക്വസ്റ്റ്യൻസ് മന്ത്രിമാർക്ക് പറയാവുന്നതിനെക്കാൾ കൂടുതലായി വരുന്നതുകൊണ്ട് ഉടൻ പറയാൻ സാദ്ധ്യമല്ല, അടുത്ത സെക്ഷനുമുമ്പെങ്കിലും ഞങ്ങൾ പറയാം, സാവകാശം തരണം, വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽ ക്ഷമിക്കുക എന്നാണ്.

ഇപ്പോൾ മുഖ്യമന്ത്രിയോട് ചോദിക്കുമ്പോൾ ഇങ്ങനത്തെ സമീപനം ശരിയാണോ? ഇത് ശരിയല്ല. ഈ സമീപനം തന്നെ മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത് ക്ലോസ് ചെയ്യാം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ശ്രീ. എ.കെ. ആന്റണി വിചാരിക്കുന്നത് പഴയതുമുഴുവൻ . ശരിയാണ് എന്നാണ്. പുകമറ സൃഷ്ടിക്കരുത്. ഇന്ന പോയിന്റിന് ഇന്നത് കിട്ടിയിട്ടില്ലെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. അതല്ലാതെ പുകമറ സൃഷ്ടിച്ച് നാലഞ്ചു മാസത്തിനിടയിൽ ഒരു മറുപടിയും കിട്ടിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് പുകമറയാണ്. അതിന് വസ്തുത വച്ച് ഞാൻ പറയാം. അത് ഞാൻ പറയരുതെന്നുണ്ടെങ്കിൽ പറയണ്ട. ശ്രീ. ആന്റണി വിചാരിക്കുന്നുണ്ടാകും പറയുന്നതു മുഴുവൻ സത്യമാണ്. ന്യായമാണ് എന്നൊക്കെ, അല്ല, സത്യവിരുദ്ധമാണ്, സത്യം പറഞ്ഞാൽ സമ്മതിച്ചു തരാം.

മി. സ്പീക്കർ : ചെയറിന് ഇതിനെ സംബന്ധിച്ച് പറയാനുള്ളത് അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി കിട്ടുന്നതിനെ സംബന്ധിച്ചുള്ള ഉത്കണ്ഠ സ്വാഭാവികമാണ്. കഴിഞ്ഞസഭയിലും അതിനുമുമ്പൊക്കെ ഇത് വളരെ ലൂസ് ആയിപ്പോയി എന്നുള്ളതും വസ്തുതയാണ്. ഞാൻ ഒരു കാര്യം സൂചിപ്പിക്കട്ടെ, കഴിഞ്ഞസഭയിൽ എനിക്കുനൽകേണ്ട ഉത്തരം ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ അതിന്റെ സംഗതി മനസ്സിലായല്ലോ. അതിനൊരു മാറ്റം വരുത്തണം. ഏതുഭാഗമാണ് എന്നുള്ളതല്ല പ്രശ്നം ഇത് സഭയുടെ ആവശ്യമാണ്. പ്രതിപക്ഷനേതാവ് പറഞ്ഞ സ്പിരിറ്റോടുകൂടിത്തന്നെ ചെയർ അതിനെ കാണുകയാണ്. അതേസമയത്ത് ഒരു കാര്യം മനസ്സിലാക്കേണ്ടത്, പത്താം കേരള നിയമസഭയിൽ ഇതിന് പ്രകടമായ മാറ്റം വന്നുയെന്നുള്ള വസ്തുത നമ്മൾ അംഗീകരിക്കണം. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പത്താംസഭയുടെ മൂന്നാം സമ്മേളനമാണ് ഇപ്പോൾ ചേരുന്നത്. പത്താംസഭയുടെ ഒന്നാം സമ്മേളനത്തിൽ ഇവിടെ ഉന്നയിച്ച മുഴുവൻ ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചു കഴിഞ്ഞു, ഒന്നും ബാക്കിയില്ല. അതേസമയത്ത് ശ്രീമതി ശോഭനാ ജോർജ്ജ് ഉന്നയിച്ചതുൾപ്പെടെയുള്ള രണ്ടാംസഭയിൽ വന്ന ചില പ്രശ്നങ്ങൾ പെൻഡിംഗിലാണ്. അതുതന്നെ വളരെ കുറവാണ് എന്നതിന് തെളിവാണ് ഇവിടെ ഒറ്റക്കാര്യമേ വന്നുള്ളൂയെന്നത്. അത് നല്ലൊരു ലക്ഷണമായിട്ട് കാണണം. അതിനോടൊപ്പംതന്നെ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഏതെങ്കിലും വിവരം താമസിച്ച് വരുന്നുണ്ടോ, അത് ഗൗരവമായിട്ടുതന്നെ എടുത്ത് പൂർണ്ണമായും കുറ്റമറ്റതാക്കാം, അതിന് യാതൊരു സംശയവുമില്ല. അതിൽ ചെയർ ഈ സഭയ്ക്ക് വ്യക്തമായ ഉറപ്പു നൽകാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് അങ്ങയുടേയും ഈ സഭയുടെയും മുമ്പിൽ കൊണ്ടുവരുന്നത്. അങ്ങയെ പരാമർശിക്കുന്ന രണ്ടു റിപ്പോർട്ടുകൾ ഇന്നത്തെ പത്രങ്ങളിലെല്ലാം ഉണ്ട്. ജനാധിപത്യസമ്പ്രദായത്തിൽ സ്പീക്കർക്ക് ഭരണഘടന അനുസരിച്ചും ജനാധിപത്യമര്യാദ അനുസരിച്ചും പരമോന്നതമായ ഒരു പദവിയാണ്; ഇത് നിഷ്പക്ഷമായ ഒരു പദവിയാണ്. ആ പദവിയെ കളങ്കപ്പെടുത്തുന്ന വിധത്തിലുള്ള രണ്ടുറിപ്പോർട്ടുകൾ പത്രത്തിൽ വന്നതാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഒന്ന്, ഭക്ഷണമില്ലെന്ന് പരാതിപ്പെട്ട് സ്പീക്കർക്ക് കത്തുകൊടുത്തു. ആ റിപ്പോർട്ടിൽ ഞങ്ങളെ രക്ഷിക്കേണ്ട അങ്ങ് ഞങ്ങളുടെ ഭക്ഷണം മുടക്കരുതെന്നുള്ള ഒരു പ്രയോഗമുണ്ട്. ഇത് വായിച്ച ഒരാൾ എന്നോട് ചോദിച്ചത്, നിങ്ങളുടെ സ്പീക്കർ ഇത്ര ക്രൂരനാണോയെന്നാണ് അങ്ങനെ അങ്ങയെക്കുറിച്ച് തെറ്റിദ്ധാരണ ഉണ്ടാക്കത്തക്കവിധത്തിൽ ശ്രീമതി ശോഭനാ ജോർജ്ജ് അങ്ങേയ്ക്ക് എന്ത് കത്താണ് അയച്ചത് എന്ന് എനിക്കറിയില്ല. പക്ഷേ ആ കത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കോപ്പി അങ്ങേയ്ക്കുകിട്ടുന്നതിനുമുമ്പ് പത്രക്കാർക്ക് കൊടുക്കുന്നത് ശരിയല്ല. ഏതെങ്കിലും ചില അസൗകര്യങ്ങൾ എം.എൽ.എ.മാർക്ക് ഉണ്ടാകുമ്പോൾ സഭ നീണ്ടുപോകുന്ന ഘട്ടത്തിൽ ഭക്ഷണം ഏർപ്പാട് ചെയ്യാറുണ്ട്, ബഹുമാനപ്പെട്ട തേറമ്പിൽ ഏർപ്പെടുത്തിയ ഒരു നടപടിയാണ്. അത് അങ്ങും തുടരണം.

മി. സ്പീക്കർ : അംഗങ്ങൾ ചെയറിന് കത്ത് തരും, അറിയിപ്പ് തരും അതൊന്നും പറയേണ്ട കാര്യമില്ല. പിന്നെ സ്പീക്കറെ സംബന്ധിച്ച് എന്തെങ്കിലും ഇഷ്യൂ ഉണ്ടെങ്കിൽ അത് പറയാൻ വേറെ അവസരമുണ്ടല്ലോ. അത് ഇവിടെ പറയേണ്ട കാര്യമില്ല. വേറെ മാർഗ്ഗങ്ങളുണ്ട്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ബിസിനസ്സ് അഡ്വൈസറി കമ്മറ്റിയിൽ ഉന്നയിച്ച പ്രശ്നങ്ങളും അവിടെ പറഞ്ഞ അഭിപ്രായങ്ങളും പത്രങ്ങൾക്ക് കൊടുക്കുന്നരീതി നല്ലതാണോ? അങ്ങയുടെ അന്തസ്സിനെ ബാധിക്കത്തക്കവിധത്തിലുള്ള നീക്കങ്ങൾ തെറ്റാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, പോയിന്റ് ഓഫ് ഓർഡർ......

മി. സ്പീക്കർ : നമുക്ക് ബിസിനസ്സിലേക്ക് കടക്കാം. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് പാസ്സായിക്കഴിഞ്ഞു. ഇനി ചർച്ചയില്ല, പോയിന്റ് ഓഫ് ഓർഡറുമില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള : ഒരു കാര്യവും ചൂണ്ടിക്കാണിക്കാൻ അസംബ്ലിയിൽ പറ്റുകയില്ലെന്ന് പറഞ്ഞാൽ എന്താണ് സാർ?

മി. സ്പീക്കർ : അങ്ങ് ഒരു സീനിയർ മെമ്പറാണ്. അങ്ങനെ ഇപ്പോൾ ചൂണ്ടിക്കാണിക്കാൻ പററുകയില്ല. അതിന് സമയമുണ്ട്, സന്ദർഭമുണ്ട്. അങ്ങ് കാര്യങ്ങൾ മനസ്സിലാക്കണം. ഒരുമിനിട്ട് സമയം അനുവദിച്ചു. അത് പരിഗണിച്ചു. പാസ്സാക്കിക്കഴിഞ്ഞു. അതിനുശേഷം അടുത്ത ബിസിനസ്സിലേക്ക് പോയി.

# XI. നിയമനിർമ്മാണകാര്യം

## 1996-ലെ കേരള റവന്യൂബോർഡ് നിർത്തലാക്കൽ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, 1996-ലെ കേരള റവന്യൂ ബോർഡ് നിർത്തലാക്കൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, 1996-ലെ കേരള റവന്യൂബോർഡ് നിർത്തലാക്കൽ ബിൽ ഭൂനികുതിയും മത്സ്യബന്ധനവും വനവും സംബന്ധിച്ച് രണ്ടാംനമ്പർ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly